# മൈസൂരിലെ പാവങ്ങളുടെ കന്യകാ മാതാവിന്റെ ദേവാലയം

ക്രിസ്തുവർഷം 1965ൽ മൈസൂർ രൂപതയിലെ പ്രഥമ ബിഷപ്പായിരുന്ന വന്ദനീയ ഡോ. റെനെ ഫ്യൂഗെയാണ് പാവങ്ങളുടെ കന്യാമാതാവിന്റെ വിശ്വാസം മൈസൂരിന് പരിചയപ്പെടുത്തിയത്. ക്രിസ്തുവർഷം 1933 ജനുവരി 15 മുതൽ മാർച്ച് 2 വരെ ഫ്രാൻസിലെ ബെന്യക്സിൽ മാരിയെറ്റെ ബെക്കോയ്ക്ക് മാതാവിന്റെ ദർശനം ലഭിച്ചു. അതിന്റെ ഓർമ പിൻതുടരുന്നതിന്റെ ഭാഗമായി മൈസൂർ ബിഷപ്പായിരുന്ന ഫ്യൂഗൈ ബന്നെക്സിൽ നിന്നും ശേഖരിച്ചു കൊണ്ടു വന്ന വിശുദ്ധജലം ഇവിടെ ഉണ്ടായിരുന്ന ഒരു ചെറിയ കിണറിൽ തളിച്ചു.

ഇങ്ങനെ തുടർന്നു വന്ന മാതാവിലുള്ള ഭക്തി ഒരു പുണ്യ ദേവാലയത്തിന്റെ നിർമാണത്തിന് നിമിത്തമായിത്തീർന്നു. അക്കാലം മുതൽ പല ദേശങ്ങളിൽ നിന്നും അസംഖ്യം ഭക്തർ വിശേഷിച്ച് ശനിയാഴ്ച ദിവസങ്ങളിൽ ഈ പുണ്യ ദേവാലയ ത്തിൽ എത്തിച്ചേരുകയും മെഴുകുതിരി, പൂക്കൾ സാരി എന്നിവ നേർച്ചയായി അർപ്പിച്ച് മാതാവിന്റെ അനുഗ്രഹത്തിന് പാത്രീഭൂതരാവുകയും ചെയ്തു. ഭാഷയോ, മതമോ, സംസ്കാരമോ പദവിയോ ഗണിക്കാതെ എണ്ണമറ്റ വിശ്വാസികൾ ഈ പുണ്യ സങ്കേതത്തിലെത്തിച്ചേരുകയും മാതാവിന്റെ അനുഗ്രഹം തേടുകയും ചെയ്തു. ശാരീരിക വൈകല്യമുള്ളവർ, രോഗികൾ, മാനസിക പിരിമുറുക്കത്തിൽ പെട്ടവർ, ജീവിത പ്രാരാബ്ധങ്ങളിൽ പെട്ടുഴലുന്നവർ, തൊഴിൽ നഷ്ടപ്പെട്ടവർ എന്നിവരെല്ലാം തങ്ങളുടെ പ്രാർത്ഥനയുമായി മാതാവിന്റെ സന്നിധിയിലെത്തി പരിഹാരം തേടി. കുടുംബ പ്രശ്നങ്ങളഭിമുഖീകരിക്കുന്നവരും, മാറാവ്യാധിയാൽ തകർന്നവരുമെല്ലാം മാതാവിന്റെ അത്ഭുത പ്രവൃത്തിയിലൂടെ ജീവിതത്തിൽ ശാന്തി നേടി.

1960ൽ പണി കഴിപ്പിച്ച പാവങ്ങളുടെ കന്യകാ മാതാവിന്റെ ദേവാലയം തുടർന്നു വന്ന ഇടവക വികാരിമാർ കാലാനുസൃതമായി വിപുലീകരിക്കുകയും പുനർ നിർമ്മാണം നടത്തുകയും ചെയ്തു പോന്നു. വിശ്വാസികളുടെ സൗകര്യാർത്ഥം പൂർണ്ണസജ്ജമായ ഒരു ദേവാലയം അപ്പോഴും സ്വപ്നമായി അവശേഷിച്ചു. ശ്രീ.ജെ. സുസൈരാജ് ആൻറ് അസ്സോസിയേറ്റ്സിന്റെ വിശാല മനസ്കതയാൽ, സ്വപ്നമായിരുന്ന ദേവാലയം സഫലമായിത്തീർന്നു, ദേവാലയത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷ വേളയിൽ 2011 മാർച്ച് മാസം 28 ാം തീയതി മൈസൂർ ബിഷപ്പായിരുന്ന അഭിവന്ദ്യ ഡോ.തോമസ് എ. വാഴപ്പിള്ളി ഈ പുണ്യ ദേവാലയം വെഞ്ചെരിപ്പു കർമ്മം നടത്തി മാതാവിന് സമർപ്പിച്ചു.

ഈ പുണ്യ ദേവാലയത്തിന്റെ പുനർ നിർമ്മാണം സാധ്യമാക്കിയ ശ്രീ.ജെ. സുസൈരാജിന്റെ വിശാലമനസ്കതക്കു മുന്നിൽ മാതാവിന്റെ ഭക്തർ നിത്യ കൃതജ്ഞരായിരിക്കും. മാതാവിനോടുള്ള വിശ്വാസത്തിന് മൈസൂരിൽ നാന്ദി കുറിച്ച പ്രഥമ ബിഷപ്പ് അഭിവന്ദ്യ ഡോ. റെനെ ഫ്യൂഗെ, ഈ പുണ്യ ദേവാലയം പണികഴിപ്പിച്ച അഭിവന്ദ്യ ബിഷപ്പ് മത്തിയാസ് ഫെർണാണ്ടസ് എന്നിവർ ഭക്തരുടെ മനസ്സിൽ എന്നെന്നും തിളങ്ങി നിൽക്കുന്ന വ്യക്തിത്വങ്ങളാണ്.

പാവങ്ങളുടെ കന്യകാമാതാവ് എല്ലാ ഭക്തർക്കും സ്വർഗീയാനുഗ്രഹം നൽകി, ലോക രക്ഷകനും അവളുടെ പുത്രനുമായ ഈശോയോട് ചേർത്തു നിർത്തുമാറാകട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഈ ദേവാലയത്തിൽ കുടി കൊള്ളുന്ന മാതാവിന്റെ മഹത്വം പ്രചരിപ്പിക്കാൻ ഭാഗഭാക്കായ മുൻ ബിഷപ്പുമാർ, ഇപ്പോഴത്തെ ബിഷപ്പ് അഭിവന്ദ്യ ഡോ. കെ. എ വില്യം, ഇടവക വികാരിമാർ ഭക്തജനങ്ങൾ എന്നിവരോട് ഞങ്ങൾ എന്നും കൃതജ്ഞതയുള്ളവരായിരിക്കും.

ചരിത്രവും സംസ്ക്കാരവും ഇഴ പിരിഞ്ഞു നിൽക്കുന്ന മൈസൂർ പട്ടണം സന്ദർശിക്കാൻ അവസരം ലഭിക്കുമ്പോൾ മൈസൂർ ബാംഗ്ലൂർ ഹൈവേക്കരികിൽ സ്ഥിതി ചെയ്യുന്ന പാവങ്ങളുടേ കന്യകാമാതാവിന്റെ കീർത്തികേട്ട ഈ തിരു സന്നിധി സന്ദർശിക്കാൻ നിങ്ങൾ മറന്നു പോവരുത്. കറ കളഞ്ഞ ഭക്തി വിശ്വാസ ങ്ങളോടെ മാതാവിന്റെ ദേവാലയം സന്ദർശിക്കൂ, അളവറ്റ അത്ഭുത ശക്തിയും അനുഗ്രഹവും നേരിട്ടനുഭവിക്കാൻ നിങ്ങൾക്ക് ഭാഗ്യമുണ്ടാവും. ആറു പതിറ്റാണ്ടായി ആയിരക്കണക്കിന് ഭക്തർ മാതാവിന്റെ അളവറ്റ അനുഗ്രഹാശിസ്സുകൾ ഏറ്റു വാങ്ങിക്കൊണ്ടിരിക്കുന്നു.

നിങ്ങളെ പാവങ്ങളുടെ കന്യകാ മാതാവ് അനുഗ്രഹിക്കട്ടെ!!!

**ഇടവകവികാരിയും വിശ്വാസികളും**
**കന്യകാ മാതാവിന്റെ ദേവാലയം**
**ബന്നിമണ്ഡപ, മൈസൂരു 570015**
**ഫോൺ : 0821–4525813**